# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *82 — 13.06.2012-ൽ മറുപടിക്ക്

## കൺസ്യൂമർ പ്രൈസ് ഇൻഡക്സ് പുനർനിർണ്ണയം

| ചോദ്യം | മറുപടി |
|---|---|
| ഡോ. കെ.ടി. ജലീൽ<br>ശ്രീ. പി.കെ.ഗുരുദാസൻ<br>ശ്രീ. വി.ചെന്താമരാക്ഷൻ<br>ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) കൺസ്യൂമർ പ്രൈസ് ഇൻഡക്സ് പുനർനിർണ്ണയം ചെയ്യുന്നതിനുവേണ്ടി മുൻ ഗവൺമെൻറിൻെറ കാലത്ത് നിയോഗിച്ച കമ്മിറ്റിയുടെ പ്രവർത്തനം പൂർത്തിയായിട്ടുണ്ടോ; എങ്കിൽ പുതിയ വില സൂചികയ്ക്ക് നിലവിലുള്ള വില സൂചികയിൽ നിന്നുമുള്ള വ്യതിയാനം എത്ര എന്നാണ് നിർണ്ണയിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ; കാലതാമസത്തിന് കാരണമെന്താണെന്ന് വ്യക്തമാക്കാമോ; | (എ) പൂർത്തിയായിട്ടില്ല. പുതിയ ഉപഭോക്തൃ വിലസൂചിക നിർണ്ണയിക്കുന്നതിന് ഒരു വർഷം നീണ്ടു നിൽക്കുന്ന കുടുംബ ബഡ്ജറ്റ് സർവ്വേ നടത്തേണ്ടതുണ്ട്. ഇത് 01-02-2011-ൽ ആരംഭിക്കുകയും 31-01-12 -ൽ അവസാനിക്കുകയും ചെയ്തു. സർവ്വേയിൽ നിന്നും ലഭിച്ച ഡാറ്റായുടെ പ്രോസസ്സിങ്ങ് ജോലികൾ നടന്നു വരുന്നു. ആയതിനാൽ സൂചിക വ്യതിയാനം എത്രയാണെന്ന് പറയാൻ കഴിയില്ല. സർവ്വേ റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കാർ അനുവദിച്ചിട്ടുള്ള സമയം 05-07-2012 വരെയാണ്. ആയതിനാൽ സർവ്വേ പൂർത്തീകരണത്തിന് കാലതാമസം ഉണ്ടായിട്ടില്ല. |
| (ബി) അവശ്യസാധനങ്ങളുടെ യഥാർത്ഥ വിലയും സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെൻറ് പ്രസിദ്ധീകരിക്കുന്ന വില സൂചികയും തമ്മിൽ വലിയ അന്തരമുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതു സംബന്ധിച്ച് വിശദീകരിക്കാമോ; | (ബി) അവശ്യസാധനങ്ങളുടെ വിലയിൽ ഉണ്ടാകുന്ന വർദ്ധനവ് കൺസ്യൂമർ പ്രൈസ് ഇൻഡക്സിൽ പ്രതിഫലിക്കുന്നുണ്ട്. എന്നാൽ ഈ വർദ്ധനവ് താഴെപ്പറയുന്ന ചിലകാര്യങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്.<br>മിനിമം വേജസ് ആക്ടിൻെറ കീഴിൽ വരുന്ന കാർഷിക വ്യാവസായിക മേഖലയിലെ തൊഴിലാളി കുടുംബങ്ങളിൽ 1998 - 99 അടിസ്ഥാന വർഷമായി നടത്തിയ കുടുംബ ബഡ്ജറ്റ് സർവ്വേയുടെ |

അടിസ്ഥാനത്തിൽ അന്ന് മേൽപ്പറഞ്ഞ കുടുംബങ്ങൾ പ്രധാനമായും ഉപഭോഗം ചെയ്തിരുന്ന 300- ലധികം സാധന സേവനങ്ങളുടെ അടിസ്ഥാന വർഷത്തെ വിലയും (Basic Price) അന്നത്തെ അവരുടെ ഉപഭോഗരീതിക്കനുസൃതമായി കണ്ടെത്തിയിട്ടുള്ള വെയിറ്റേജും ഇപ്പോഴത്തെ വിലയും (Current Price) ഉപയോഗിച്ചാണ് കൺസ്യൂമർ പ്രൈസ് ഇൻഡക്സ് തയ്യാറാക്കുന്നത്. സൂചിക തയ്യാറാക്കുന്നതിലേയ്ക്ക് വിലകൾ ശേഖരിക്കുന്ന മേൽപ്പറഞ്ഞ 300 - ലധികം സാധനങ്ങളുടെ വെയിറ്റേജ് തമ്മിൽ വളരെയധികം വ്യത്യാസമുള്ളതിനാൽ എല്ലാ അവശ്യസാധനങ്ങൾക്കും ഉണ്ടാകുന്ന വിലവർദ്ധനവ് ഒരേ രീതിയിൽ കൺസ്യൂമർ പ്രൈസ് ഇൻഡക്സിൽ വർദ്ധനവ് ഉണ്ടാക്കാറില്ല. ഒരു സാധനത്തിന്റെ വിലവർദ്ധനവ് കൺസ്യൂമർ പ്രൈസ് ഇൻഡക്സിൽ എന്ത് വർദ്ധനവ് വരുത്തും എന്നത് ആ സാധനത്തിന്റെ അടിസ്ഥാന വർഷത്തെ വിലയെയും വെയിറ്റേജിനേയും കൂടി ആശ്രയിച്ചാണി രിക്കുന്നത്. സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് ദിവസേന ശേഖരിക്കുന്ന 50 ഇന അവശ്യസാധനങ്ങളും, ഉപഭോക്തൃ വിലസൂചിക തയ്യാറാക്കുന്നതിലേക്കായി വകുപ്പ് ശേഖരിക്കുന്ന 300-ലധികം സാധനങ്ങളും വ്യത്യസ്തങ്ങളായതിനാൽ അവശ്യസാധനങ്ങളിലുണ്ടാകുന്ന വില വ്യതിയാനം അതുപോലെ ഉപഭോക്തൃ വിലസൂചികയിൽ പ്രതിഫലിക്കുന്നില്ല.

| | | |
|---|---|---|
| (സി)തൊഴിലാളികളുടെയും ജീവനക്കാരുടെയും ക്ഷാമബത്ത യഥാർത്ഥ ജീവിതച്ചെലവിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ആഫീസർ